**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **04-07-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ബിൽഡിങ് ടാക്സ് തുടങ്ങിയ സർവീസുകൾക്കായി ഇ - ആപ്ലിക്കേഷൻ ഏർപ്പെടുത്തി.<br>ലാൻഡ് ടാക്സ് മുതലായവയുടെ അടവിനായി ReLis നടപ്പിലാക്കി.<br>പ്രധാന സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഇ-ഡിസ്ട്രിക്റ്റ് ഏർപ്പെടുത്തി.<br>വില്ലേജുകളുടെ നവീകരണത്തിനായി 'സ്മാർട്ട് വില്ലേജ് ' എന്ന പദ്ധതി നിലവിൽ വന്നു. |
| (ബി) | വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവുമൂലം സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ കുറവു പരിഹരിക്കുന്നതിനായി വില്ലേജ് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് എല്ലാ ജില്ലകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി സമർപ്പിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിൽ നിന്നും പ്രസ്തുത പ്രൊപ്പോസൽ ലഭ്യമായ ശേഷം ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കോഴിക്കോട് താലൂക്ക് ഓഫീസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉൾപ്പെടെ കൈകാര്യം ചെയ്യുന്ന ചില സുപ്രധാന സീറ്റുകളിലെ ഒഴിവ് നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ ക്ലർക്കിന്റെ 12 ഒഴിവും സീനിയർ ക്ലർക്കിന്റെ 4 ഒഴിവുമാണ് നിലവിലുള്ളത്. പ്രസ്തുത ജില്ലയിൽ ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ഉദ്യോഗകയറ്റം വഴി നിയമിക്കേണ്ട തസ്തികകളിൽ ഉദ്യോഗകയറ്റം വഴി നിയമിച്ചിട്ടുണ്ട്. PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തവയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ